കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്



# നേർവഴി

## അക്കാദമിക മാസ്റ്റർപ്ലാൻ 2025–26


**സേതുസീതാറാം എ.എൽ.പി. സ്കൂൾ**
ചെട്ടികുളം, എലത്തൂർ, കോഴിക്കോട്, ഫോൺ: 9846796299

# നേർവഴി

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## (കരട്)

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സേതുസീതാറാം എ.എൽ.പി. സ്കൂൾ |
| ഉപ ജില്ല | : | ചേവായൂർ |
| ജില്ല | : | കോഴിക്കോട് |

# ഉള്ളടക്കം


| ഉൾപ്പേജുകളിൽ | പേജ് നമ്പർ |
|---|---|
| 1. ആമുഖം | 4 |
| 2. പ്രവർത്തന കലണ്ടർ | 5 |
| 3. ദിനാചരണങ്ങൾ | 7 |
| 4. സചിത്ര പുസ്തകം | 8 |
| 5. സംയുക്ത ഡയറിയും സർഗാത്മക ഡയറിയും | 10 |
| 6. ജെ.ആർ.സി | 14 |
| 7. മാജിക് ഇംഗ്ലീഷ് | 15 |
| 8. ഗ്രീൻ ബഡ്സ് | 18 |
| 9. ലൈബ്രറി നവീകരണം | 19 |
| 10. മൻസ്ലി ടാലന്റ് ടെസ്റ്റ് | 20 |
| 11. വെർച്ച്വൽ ക്വിസ് | 21 |
| 12. സിംഫണി, സ്കൂൾ റേഡിയോ | 22 |
| 13. വെർച്ച്വൽ ഐഡി കാർഡ് | 23 |
| 14. കളിയരങ്ങ് | 24 |
| 15. ടാലന്റ് ലാബ് | 26 |
| 16. ഹലാവാ അറബിക് | 27 |
| 17. പാട്ടരങ്ങ് | 28 |
| 18. ശ്രദ്ധ  ഭാഷാ പരിപോഷണം | 31 |
| 19. റീഡേഴ്സ് തിയേറ്റർ | 32 |
| 20. ഫീൽഡ് ട്രിപ്പ് | 34 |
| 21. ഡിജിറ്റൽ മാഗസിൻ | 35 |
| 22. ടക്കി കിഡ്സ്, ഹ്യൂമനോയ്ഡ് റോബോട്ട് | 36 |
| 23. റോബോട്ടിക് പഠനം | 39 |
| 24. പഠനോത്സവം | 40 |
| 25. വിസ്മയ ഗണിതം | 44 |
| 26. ക്ലാസ് പത്രം | 45 |
| 27. പലഹാര പെരുമ | 47 |
| 29. സ്കൂൾ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പങ്കാളിത്തം | 48 |
| 30. അരങ്ങ് വാർഷികാഘോഷം | 49 |

**ആമുഖം**

..........സേതുസീതാറാം എ.എൽ.പി.......... സ്കൂളിൽ 2025 - 26 സാധ്യായ വർഷം ....230.................... കുട്ടികൾ പഠിക്കുന്നു.

സ്കൂളിൽ അധ്യയനം നടത്തുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

**വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:**

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- ഓരോകുട്ടിക്കും ആർജ്ജിതമായ ഭാഷ ഉപയോഗിച്ച് സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

## പ്രവർത്തനക്കലണ്ടർ (കരട്)

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | ജൂൺ - മാർച്ച് |
| 2. | ദിനാചരണങ്ങൾ | ജൂൺ - മാർച്ച് |
| 3. | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 4. | സംയുക്ത ഡയറിയും സർഗാത്മക ഡയറിയും | ജൂൺ - മാർച്ച് |
| 5. | ലൈബ്രറി നവീകരണം | ജൂലൈ |
| 6. | ജെ.ആർ.സി | ഓഗസ്റ്റ് മുതൽ |
| 7. | മാജിക് ഇംഗ്ലീഷ് | സെപ്തംബർ മുതൽ |
| 8. | ഗ്രീൻ ബഡ്സ് | സെപ്തംബർ മുതൽ |
| 9. | മന്ത്ലി ടാലന്റ് ടെസ്റ്റ് | ജൂൺ - മാർച്ച് |
| 10. | വെർച്ചൽ ക്വിസ് | സെപ്തംബർ |
| 11. | സിംഫണി, സ്കൂൾ റേഡിയോ | സെപ്തംബർ |
| 12. | വെർച്ചൽ ഐഡി കാർഡ് | സെപ്തംബർ |
| 13. | കളിയരങ്ങ് | സെപ്തംബർ |
| 14. | ടാലന്റ് ലാബ് | ഒക്ടോബർ |
| 15. | ഹലാവാ അറബിക് | ഒക്ടോബർ |

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 16. | പാട്ടരങ്ങ് | ഒക്ടോബർ മുതൽ |
| 17. | ശ്രദ്ധ ഭാഷാ പരിപോഷണം | ഒക്ടോബർ മുതൽ |
| 18. | റീഡേഴ്സ് തിയേറ്റർ | ഒക്ടോബർ മുതൽ |
| 19. | ഫീൽഡ് ട്രിപ്പ് | ഒക്ടോബർ |
| 20 | ഡിജിറ്റൽ മാഗസിൻ | ഒക്ടോബർ |
| 21. | ടക്കി കിഡ്സ്, ഹ്യൂമനോയ്ഡ് റോബോട്ട് | ഒക്ടോബർ മുതൽ |
| 22. | റോബോട്ടിക് പഠനം | ഒക്ടോബർ മുതൽ |
| 23. | പഠനോത്സവം | ഒക്ടോബർ മുതൽ |
| 24. | വിസ്മയ ഗണിതം | ഒക്ടോബർ മുതൽ |
| 25. | ക്ലാസ് പത്രം | ഒക്ടോബർ മുതൽ |
| 26. | പലഹാര പെരുമ | നവംബർ |
| 27. | സ്കൂൾ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പങ്കാളിത്തം | നവംബർ |
| 28. | അരങ്ങ് വാർഷികാഘോഷം | ജനുവരി |
| | | |

# ദിനാചരണങ്ങൾ

| | |
|---|---|
| ജൂൺ 2 | പ്രവേശനോത്സവം |
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം |
| ജൂൺ 6 | ഈദ്-ഉൽ-അദ്ഹ മെഹന്തി ഫെസ്റ്റ് |
| ജൂൺ 6 - 13 | വായനവാരം |
| ജൂൺ 26 | ലഹരി വിരുദ്ധദിനം |
| ജൂലൈ 5 | വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം |
| ജൂലൈ 21 | ചാന്ദ്രദിനം |
| ആഗസ്റ്റ് 6 | ഹിരോഷിമാദിനം |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം |
| ആഗസ്റ്റ് 27 | ഓണാഘോഷം |
| ഒക്ടോബർ 9, | ലോക തപാൽ ദിനം |
| നവംബർ 1 | കേരളപ്പിറവി ദിനം |
| ഡിസംബർ 25 | ക്രിസ്തുമസ് |
| ജനുവരി 1 | പുതുവർഷാഘോഷം |
| മാർച്ച് 22 | ലോക ജലദിനം |

# സചിത്ര പുസ്തകം

പുതിയ പാഠ്യപദ്ധതി അനുസരിച്ച് 1,2 ക്ലാസുകളിലെ പാഠപുസ്തങ്ങൾക്ക് പുറമെ സചിത്ര പുസ്തകത്തിലെ പ്രവർത്തനങ്ങൾകൂടി നൽകുന്നു. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

**ലക്ഷ്യ പ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

**സാമ്പത്തികം**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

**ലക്ഷ്യ പ്രസ്താവനകൾ**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

# സർഗാത്മക ഡയറി

മൂന്ന് നാല് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സൃഷ്ടിപ്രതിഭ വളർത്തുന്നതിനുള്ള ഒരു മികച്ച പദ്ധതിയാണ് സർഗാത്മക ഡയറി. ഇതിലൂടെ വിദ്യാർത്ഥികൾക്ക് കവിത, കഥ, അനുഭവക്കുറിപ്പ്, ചിത്രരചന, ചോദ്യോത്തരങ്ങൾ തുടങ്ങിയവ സ്വതന്ത്രമായി എഴുതാനും അവതരിപ്പിക്കാനും അവസരം ലഭിക്കുന്നു. സർഗ്ഗാത്മക ഡയറി കുട്ടികളിൽ ഭാവനാശക്തി, ഭാഷാപാടവം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനൊപ്പം അവരുടെ കഴിവുകൾ അധ്യാപകർക്കും രക്ഷിതാക്കൾക്കും തിരിച്ചറിയാൻ സഹായിക്കുന്നു. പഠനത്തെ രസകരവും സൃഷ്ടിപരവുമായ അനുഭവമാക്കി മാറ്റുന്ന ഒരു പാഠ്യാനുഭവോപാധിയാണ് ഈ സർഗ്ഗാത്മക ഡയറി.

## ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സർഗാത്മക ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*

# ജെ.ആർ.സി. യൂണിറ്റ്

ആമുഖം:

കുട്ടികളിൽ സഹവർത്തിത്വം, സാമൂഹികബോധം, അനുകമ്പ, മാനുഷികത തുടങ്ങിയ മൂല്യങ്ങൾ വളർത്തുക അവ സ്കൂളിലെ മറ്റുകുട്ടികളിലേക്കും വ്യാപിപ്പിക്കുക. കുട്ടികളുടെ ടീം സ്പിരിറ്റ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജമാക്കുക എന്നീ ലക്ഷ്യത്തോടെ സ്കൂളിൽ നടപ്പിലാക്കിയ പദ്ധതിയാണ്. കൂടാതെ ജെ.ആർ.സി, കുട്ടികളിൽ സഹായ മനോഭാവം വളർത്തുന്നു. ആരോഗ്യശീലങ്ങൾ (വൃത്തിയുറപ്പ്, ശുചിത്വം, ഭക്ഷണശീലം) പ്രോത്സാഹിപ്പിക്കുന്നു. സാമൂഹിക ഉത്തരവാദിത്വം കുട്ടികൾക്കു മനസ്സിലാക്കാൻ സഹായിക്കുന്നു. സഹകരണം, കരുണ, സൗഹൃദം എന്നീ മൂല്യങ്ങൾ വളർത്തുന്നു.

പ്രവർത്തന പദ്ധതി:

ജെ.ആർ.സി. അഥവാ ജൂനിയർ റെഡ്ക്രോസിന്റെ സ്കൂൾതല യൂണിറ്റ്. സ്കൂളിന്റെ പുതിയ യൂണിറ്റിന്റെ ഉദ്ഘാടനം ആഗസ്ററ് 15 സ്വാതന്ത്ര്യദിനത്തിൽ സ്കൂളിന്റെ മുൻഹെഡ്മാസ്റ്റർ കെ.സി. അബ്ദുസ്സലാം നിർവ്വഹിച്ചു.

| നമ്പർ | പ്രവർത്തനം |
|---|---|
| 1 | സ്കൂൾ പരിസരം വൃത്തിയാക്കൽ ദിനം |
| 2 | Hand Wash Day – കൈ കഴുകൽ പരിശീലനം |
| 3 | വെള്ളം സംരക്ഷണ സന്ദേശം (പോസ്റ്റർ/സ്കിറ്റ്) |
| 4 | സുഹൃത്ത് സഹായ ദിനം |
| 5 | തൈ നടൽ പ്രവർത്തനം |
| 6 | സ്കൂൾ ക്യാമ്പ് (ഒരു ദിവസം) |
| 7 | കുട്ടികളുടെ യൂണിഫോം പരിശോധന |
| 8 | First Aid Day – ചെറിയ പരിശീലനം |
| 9 | റോഡ് സെഫ്റ്റി അവബോധം (ചിത്രം/കഥ/നാടകം) |
| 10 | സൗഹൃദവും കരുണയും വളർത്തുന്ന ആഴ്ച |

| ലക്ഷ്യം |
|---|
| ശുചിത്വ ബോധം വളർത്തുക |
| ആരോഗ്യ ശീലങ്ങൾ വളർത്തുക |
| പ്രകൃതി സംരക്ഷണ ബോധം |
| കരുണയും സഹകരണവും വളർത്തുക |
| പരിസ്ഥിതി സ്നേഹം വളർത്തുക |
| കൂട്ടായ്മ, നിയന്ത്രണം, ശുചിത്വം പഠിക്കുക |
| വൃത്തിയും ക്രമസൗകര്യവും നിലനിർത്തുക |
| അപകടങ്ങളിൽ ചെയ്യാവുന്ന ചെറിയ സഹായങ്ങൾ അറിയുക |
| സുരക്ഷിത യാത്ര ബോധം |
| സൗഹൃദവും നല്ല പെരുമാറ്റവും വളർത്തുക |

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

# Magic English

Aim: A Fun-filled Journey into Spoken English for 2nd Grade Students

To develop basic spoken English skills among 1st-grade students, enabling them to communicate effectively in simple everyday situations.

Objectives

1. Develop Listening Skills – to help children understand simple spoken English in everyday contexts.
2. Improve Speaking Ability – to encourage students to express ideas, ask questions, and communicate confidently.
3. Build Vocabulary – to introduce and practice commonly used words and phrases for daily use.
4. Strengthen Pronunciation – to train children in clear and correct pronunciation.
5. Encourage Reading Habits – to develop interest in simple stories, rhymes, and short texts in English.
6. Enhance Writing Skills – to practice writing small sentences, messages, and creative pieces.
7. Promote Confidence – to reduce fear and hesitation in using English.
8. Foster Interaction – to create opportunities for peer conversation and group activities in English.
9. Cultural Exposure – to familiarize children with global ideas and intercultural communication.
10. Lifelong Foundation – to provide a strong base in English for higher education and future opportunities.

| Month | Theme | Week | Activities | Games |
|---|---|---|---|---|
| August | Introductions and Greeting | Week 1-2 | morning), self-introductions (My name is...), introducing friends. | Name games, greeting songs |
| August | Introductions and Greeting | Week 3-4 | Basic classroom instructions (sit down, stand up), understanding and following simple commands. | Simon Says, role-play activities |
| September | My Family and Friends | Week 1-2 | Talking about family members (This is my mother/father/brother/sister), describing friends. | Family tree drawing, show and tell about a family photo |
| September | My Family and Friends | Week 3-4 | Introducing family members to the class, describing friends' characteristics. | Matching games with family member pictures, simple dialogue practice |
| October | My School and Classroom | Week 1-2 | Naming classroom objects (desk, chair, blackboard), describing their school (My school is...). | Classroom scavenger hunt, object identification games |
| October | My School and Classroom | Week 3-4 | Discussing daily routines (I go to school at...), following classroom rules. | Role-playing a school day, daily routine charts |
| November | Colors and Shapes | Week 1-2 | Identifying and naming colors and shapes, describing objects by color and shape. | Color and shape songs, matching games |
| November | Colors and Shapes | Week 3-4 | Drawing and coloring activities, describing pictures. | Color scavenger hunt, shape sorting games |
| December | Animals and Nature | Week 1-2 | Naming common animals, describing animals (big, small, fast, slow). | Animal sounds game, matching animals to their habitats |
| December | Animals and Nature | Week 3-4 | Talking about pets, discussing nature (trees, flowers, sky). | Nature walk and talk, animal charades |
| January | Food and Eating | Week 1-2 | Naming common foods, discussing favorite foods. | Food matching games, pretend play with food items |
| January | Food and Eating | Week 3-4 | Talking about meals (breakfast, lunch, dinner), healthy vs. unhealthy foods. | Food sorting games, making a food chart |
| February | Numbers and Time | Week 1-2 | Counting numbers, simple time concepts (morning, afternoon, night). | Number songs, clock drawing activities |
| February | Numbers and Time | Week 3-4 | Talking about daily schedules, simple addition and subtraction. | Number matching games, time-telling games |
| March | Review and Assessments | Week 1-2 | Reviewing all themes, practicing speaking in full sentences. | Review games, storytelling sessions |
| March | Review and Assessments | Week 3-4 | Oral assessments, presenting simple topics in front of the class. | Class presentations, interactive review sessions |

Teaching Methods:

1. Interactive Sessions: Encourage active participation through songs, games, and role-play.
2. Visual Aids: Use flashcards, charts, and picture books to reinforce learning.
3. Repetition and Reinforcement: Regularly repeat and review vocabulary and phrases to ensure retention.
4. Positive Reinforcement: Praise and reward students for their efforts to build confidence and motivation.

Materials Needed- Flashcards- Picture books- Audio-visual aids (songs, videos)- Drawing and coloring supplies- Simple props for role-play activities.

This module is designed to make learning spoken English enjoyable and effective for 1st-grade students, ensuring they develop a strong foundation in the language.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

## ഗ്രീൻ ബഡ്സ്

## അടുക്കളത്തോട്ടം

ആമുഖം:

സ്കൂളിൽ പച്ചക്കറി കൃഷി നടത്തുന്നത് കുട്ടികൾക്ക് ഏറെ പഠനാനുഭവം നൽകുന്ന ഒന്നാണ്. ഇത് വഴി കുട്ടികൾ പ്രകൃതിയോടുള്ള സ്നേഹം, കൃഷിയോടുള്ള ബോധം, ആരോഗ്യകരമായ ഭക്ഷണത്തിന്റെ പ്രാധാന്യം എന്നിവ മനസിലാക്കുന്നു. തൊഴിലിനോടുള്ള മനോഭാവം, കേരളത്തിന്റെ പൈതൃകത്തെയും സംസ്കാരത്തെയും കുറിച്ചുള്ള അറിവ് എന്നിവ നേടാനും ചെറുപ്പകാലത്തിലേ കൃഷിയെക്കുറിച്ച് മനസ്സിലാക്കാനും കുട്ടിക്ക് സാധിക്കുന്നു. കൂടാതെ തങ്ങൾ പാഠപുസ്തകത്തിലൂടെ പഠിക്കുന്ന കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനും അവ ജീവിതത്തിൽ പകർത്താനും കുട്ടികൾക്ക് സാധിക്കുന്നു.

പ്രവർത്തന പദ്ധതി

സ്കൂളിന്റെ പിൻഭാഗത്ത് ചുറ്റുമതിലിനോട് ചേർന്ന് തടമെടുത്തും മറ്റുഭാഗങ്ങളിൽ ഗ്രോ ബാഗുകളിലും പ്ലാസ്റ്റിക് കിറ്റികളിലും സീസൺ അനുസരിച്ച് പച്ചക്കറി കൃഷി നടത്തുന്നു. ഈ കൃഷി പ്രവർത്തനത്തിന് അധ്യാപകരുടെ നേതൃത്വത്തിൽ രക്ഷിതാക്കളും കുട്ടികളും ചേർന്ന് പ്രവർത്തിക്കുന്നു. കുട്ടികൾ വിത്ത് വിതയ്ക്കൽ, വെള്ളമൊഴിക്കൽ, വളം നൽകൽ, പുല്ല് വാരൽ തുടങ്ങിയവയിൽ പങ്കെടുക്കുന്നു. വിളവെടുപ്പ് സമയത്ത് കുട്ടികൾക്ക് പരിശ്രമത്തിന്റെ ഫലമായി ലഭിക്കുന്ന അനുഭവം വലിയ പ്രചോദനമാണ്.

നടാൻ ഉദ്ദേശിക്കുന്ന പച്ചക്കറികൾ:

ചീര , വഴുതന, പാവൽ, വെള്ളരി, പടവലങ്ങ, മുളക്, തക്കാളി, മത്തങ്ങ, പയറുവർഗങ്ങൾ

| മാസം | പ്രവർത്തനം | കുട്ടികളുടെ പങ്ക് | രക്ഷിതാക്കളുടെ / അധ്യാപകരുടെ പങ്ക് |
|---|---|---|---|
| ഓഗസ്റ്റ് | നിലം ഒരുക്കൽ, കൃഷിക്കായി സ്ഥലത്തെ ഗ്രോ ബാഗ് ഒരുക്കൽ, വിത്ത് വിതയ്ക്കൽ (ചീര, പയർ) | ചെറിയ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് ഒരുക്കൽ, വിത്തുകൾ വിതയ്ക്കൽ | വിത്ത്/തൈകൾ എത്തിക്കൽ, മാർഗ്ഗനിർദ്ദേശം, വളം ചേർക്കൽ, നിർദ്ദേശങ്ങൾ |
| സെപ്റ്റംബർ | വെള്ളമൊഴിക്കൽ, പുല്ല് വാരൽ | ദിവസേന 10 മിനിറ്റ് വെള്ളമൊഴിക്കൽ | നിയന്ത്രണം, സഹായം |
| ഒക്ടോബർ | കൊയ്ത്ത് തുടങ്ങുന്ന ചീര, പയർ | വിളവെടുപ്പ് പ്രവർത്തനത്തിൽ പങ്കാളിത്തം | വിളവ് വിതരണം, രേഖപ്പെടുത്തൽ |
| നവംബർ | തക്കാളി, വഴുതന, മുളക് | ചെടികൾക്ക് പിന്തുണ കൊടുക്കൽ | രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ |
| ഡിസംബർ | വിളവെടുപ്പ് - തക്കാളി, മുളക് | വിളവെടുപ്പിൽ സന്തോഷത്തോടെ പങ്കുചേരൽ | സ്കൂൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തൽ |
| ജനുവരി | പുതിയ വിളകൾ - വെള്ളരി, പാവൽ | വിത്ത് വിതയ്ക്കൽ | വിത്ത് വിതയ്ക്കൽ സഹായം |
| ഫെബ്രുവരി | പുല്ല് വാരൽ, വളം ഇടൽ | കൂട്ടായ്മയായി ചെയ്യുക | രക്ഷിതാക്കളുടെ പിന്തുണ |
| മാർച്ച് | വിളവെടുപ്പ് പാവൽ, വെള്ളരി | വിളവെടുപ്പും കണക്കെടുപ്പും | രേഖകൾ സൂക്ഷിക്കൽ |
| ഏപ്രിൽ - | വിളവെടുപ്പ് മത്തങ്ങ, പടവലങ്ങ | വിത്ത്/തൈകൾ നടൽ | പിന്തുണാ പ്രവർത്തനം |
| മെയ് | വേനൽക്കാല വിശ്രമവും മണ്ണ് പരിചരണം | വെള്ളമൊഴിക്കൽ (ആവശ്യത്തിന്) | വേനൽക്കാല പരിചരണം |

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

## Lets Read
### ലൈബ്രറി വികസനം

ആമുഖം:

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക അതുവഴി ഭാഷാ വികാസം സാമൂഹിക വളർച്ച എന്നിവ സാധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ പുസ്തകങ്ങൾ, പുതിയ ഫർണിച്ചറുകൾ, ലൈബ്രറി ഡിജിറ്റലൈസ് ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ഉൾപ്പെടുന്നു.

പ്രവർത്തന പദ്ധതി:

ഇ. സുനിൽകുമാർ റിട്ടയർമെന്റ് കൂട്ടായ്മ ഈ ദൗത്യം ഏറ്റെടുക്കുകയും രണ്ടുലക്ഷത്തോളം രൂപ ചെലവിൽ പുതിയ ഫർണിച്ചറുകൾ കൂടുതൽ പുസ്തകങ്ങൾ എന്നിവ ചേർത്ത് മനോഹരമായ ഒരു ലൈബ്രറി സജ്ജമാക്കി. 2025 ജൂൺ 25ൽ നടന്ന ചടങ്ങിൽ സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് ശ്രീ .സതീഷ് കെ സതീഷ് പുതിയ ലൈബ്രറി സ്കൂളിന് സമർപ്പിച്ചു. ആഴ്ചയിൽ ഓരോ ക്ലാസുകാർക്കും ഓരോ ദിവസവും എന്ന രീതിയിൽ പുസ്തകവിതരണം ആരംഭിച്ചു. വായിച്ച പുസ്തകങ്ങളുടെ കുറിപ്പെഴുതൽ, പഠന പ്രവർത്തനങ്ങളുമായി പുസ്തക വായനയെ ഉൾചേർക്കൽ എന്നിവ ഇതിന്റെ ഭാഗമായി നടക്കുന്നു

**ചുമതല:** JUNKBOT, Staff & PTA

**സാമ്പത്തികം :** Management

# മന്ത്ലി ടാലന്റ് ടെസ്റ്റ്

ആമുഖം:

വിദ്യാർത്ഥികളുടെ പഠന പുരോഗതി തുടർച്ചയായി പരിശോധിക്കുകയും അവരുടെ വ്യക്തിഗത വളർച്ചയെ സമഗ്രമായി വിലയിരുത്തുകയും ചെയ്യുന്നതിനായി സ്കൂളുകളിൽ ഓരോ മാസവും പരീക്ഷകൾ നടത്തുന്നു. ഇതിലൂടെ കുട്ടികളുടെ പഠനത്തിലെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞ് ആവശ്യമായ പഠന സഹായം നൽകാൻ കഴിയും. കൂടാതെ, സ്ഥിരമായി നടക്കുന്ന വിലയിരുത്തലുകൾ കുട്ടികളിൽ പഠനത്തിൽ ഉത്തരവാദിത്തബോധവും സ്വയം തയ്യാറെടുപ്പിന്റെയും ശീലവും വളർത്തുന്നു. പരീക്ഷക്ക് പുറമെ ഓവറോൾ അസ്സെസ്മെന്റ് നടത്തുന്നതിലൂടെ കുട്ടികളുടെ ബൗദ്ധിക, സാമൂഹിക, സൃഷ്ടിപരമായ, ശാരീരിക മേഖലകളിലെ വളർച്ചയും പുരോഗതിയും അധ്യാപകർ നിരീക്ഷിക്കാം. ഇതുവഴി പഠനഫലങ്ങൾ അക്കാദമിക് വിജയം മാത്രമല്ല, കുട്ടിയുടെ സമഗ്ര വ്യക്തിത്വവികസനവുമായും ബന്ധിപ്പിക്കാൻ സാധിക്കും.

<u>പ്രവർത്തന പദ്ധതി</u>

ഓരോ മാസവും വർക്ക് ഷീറ്റുകൾ നൽകി താഴെപറയുന്ന മേഖലകൾ പരിശോധിക്കുകയും മൂല്യനിർണ്ണയം നടത്തി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മികച്ച റാങ്ക് ലഭിച്ചവരെ അസംബ്ലിയിൽവച്ച് അനുമോദിക്കുന്നു. വാർഷികതലത്തിൽ മികവ് പുലർത്തുന്നവരെ സ്കൂൾ വാർഷികത്തിൽ വച്ചും അനുമോദിക്കുന്നു.

വിലയിരുത്തലിൽ രേഖപ്പെടുത്തേണ്ട പ്രധാന മേഖലകൾ

1. അക്കാദമിക് പുരോഗതി
   വായന, എഴുത്ത്, ഗണിതം, ശാസ്ത്രം, ഭാഷാ കഴിവുകൾ.
2. സൃഷ്ടിപരമായ കഴിവുകൾ
   ചിത്രരചന, സംഗീതം, കഥാപ്രസംഗം, കലാപരമായ പ്രകടനം.
3. സാമൂഹികവ്യക്തിത്വ വികാസം
   സഹകരണം, നേതൃപാടവം, ഉത്തരവാദിത്വബോധം.
4. ശാരീരികകായിക പ്രകടനം
   കളികൾ, വ്യായാമം, ആരോഗ്യപരിപാലനം.
5. വൈകാരികധാർമ്മിക മൂല്യങ്ങൾ
   സഹാനുഭൂതി, ആത്മവിശ്വാസം, പെരുമാറ്റ ശൈലി.

ഇത്തരത്തിലുള്ള സമഗ്രമായ മാസാന്ത വിലയിരുത്തലുകൾ കുട്ടികളുടെ മുഴുവൻ വളർച്ചയ്ക്കും വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർധനയ്ക്കും സഹായകരമാണ്.

**ചുമതല:** Staff & PTA
**സാമ്പത്തികം :** Staff

# ക്യൂ ആർ കോഡ് അടിസ്ഥാനമാക്കിയിട്ടുള്ള വെർച്ച്വൽ ക്വിസ്

ആമുഖം

പാഠഭാഗങ്ങളുടെ ആശയഗ്രഹണം കൂടുതൽ ഫലപ്രദമാക്കുക, അവ പരിശോധിക്കുക. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക, മത്സര പരീക്ഷകൾക്കായി കുട്ടികളെ സജ്ജമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആധുനിക രീതിയിലുള്ള ക്യൂ ആർ കോഡ് അടിസ്ഥാനമാക്കിയിട്ടുള്ള പ്ലിക്കേഴ്സ് വെർച്ച്വൽ ക്വിസ് രീതിക്ക് സ്കൂൾ തുടക്കമിട്ടു.

പ്രവർത്തന പദ്ധതി:

സ്വാതന്ത്ര്യദിനാത്തോടൊനുബന്ധിച്ച് ക്വിസ് നടത്തി. വളരെ ഫലപ്രദമായ ഒരു രീതിയാണെന്ന് ബോധ്യപ്പെടുകയും ജില്ലാ പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രത്യേക പ്രശംസ ഏറ്റുവാങ്ങുകയും ചെയ്തു.

വെർച്ച്വൽ ക്വിസ് കുട്ടികളുടെ അറിവ് വികസിപ്പിക്കുന്നതിനുള്ള ഒരു ആധുനിക പഠനരീതിയാണ്. ഓരോ കുട്ടിക്കും നൽകിയിരിക്കുന്ന പ്രത്യേക ക്യൂ ആർ കോഡ് കാർഡ് മാത്രം ഉപയോഗിച്ച് അവർക്ക് ക്വിസിൽ പങ്കെടുക്കാനും ക്വിസ് മാസ്റ്റർ സ്ക്രീനിൽ കാണിക്കുന്ന ഏത്രചോദ്യങ്ങൾക്കും തൽസമയം ഉത്തരം നൽകാനും സാധിക്കും. ക്വിസ് മാസ്റ്റർക്ക് തന്റെ മൊബൈൽ ഉപയോഗിച്ച് ഓരോ കുട്ടിയുടെയും ക്യൂ ആർ കോഡ് സ്കാൻ ചെയ്യാനും തത്സമയം ഉത്തരങ്ങളും മറ്റുവിവരങ്ങളും സ്ക്രീനിൽ കാണാനും സാധിക്കുന്നു. കുട്ടികൾക്ക് വ്യക്തിഗതമായി തന്നെ ഉത്തരങ്ങൾ നൽകാനും, അവരുടെ പഠന പുരോഗതി പരിശോധിക്കാനും ഈ രീതി കൊണ്ട് സാധിക്കും. ഓരോകുട്ടിയുടെയും ഉത്തരങ്ങൾ പരിശോധിക്കുന്നതിനുള്ള സമയലാഭം ലഭിക്കുന്നതും വിശദമായ റിപ്പോർട്ട് തൽസമയം ലഭിക്കുന്നുവെന്നതുമാണ് ഈ ക്വിസിന്റെ പ്രത്യേകത.

ഇത്തരത്തിലുള്ള വെർച്ചൽ ക്വിസ് പഠനത്തെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നു. പുസ്തകപാഠങ്ങൾക്ക് പുറമേ കുട്ടികൾക്ക് പൊതുജ്ഞാനവുമായി ബന്ധപ്പെട്ട പുതിയ കാര്യങ്ങൾ അറിയാനും, ആ അറിവ് പരീക്ഷിക്കാനും അവസരം നൽകുന്നു. ഇത് കുട്ടികളിൽ കൗതുകം, ചിന്താശേഷി, വേഗത്തിലുള്ള പ്രതികരണശേഷി എന്നിവ വളർത്താൻ സഹായിക്കുന്നു.

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

# സിംഫണി
# സ്കൂൾ റേഡിയോ

ആമുഖം:

കുട്ടികൾക്ക് സർഗാത്മക കഴിവുകളെ വികസിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും പൊതുഅവതരണത്തോടുള്ള ഭയം, സഭാകമ്പം എന്നിവ അകറ്റി ആത്മവിശ്വാസത്തോടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിനും കുട്ടികളെ സഹായിക്കുതാണ് സ്കൂൾ റേഡിയോ. കുട്ടികളുടെ ഒഴിവ് സമയം ആനന്ദകരമാക്കാനും ഇതുവഴി സാധിക്കുന്നു. ശബ്ദത്തിലൂടെ ആശയം പങ്കുവെയ്ക്കുന്നതിനാൽ, കുട്ടികൾക്ക് ഭാഷാപാടവം, ഉച്ചാരണം, വാചാലത എന്നിവ വളർത്താൻ സഹായിക്കുന്നു. കുട്ടികൾ തന്നെ അവതരിപ്പിക്കുന്ന പാട്ടുകൾ, കഥകൾ, വാർത്തകൾ എന്നിവ വഴി പഠനപ്രവർത്തനങ്ങളെ ഉറപ്പിക്കുവാനും വലിയ മത്സരങ്ങൾക്ക് സജ്ജരാക്കുവാനും സാധിക്കുന്നു.

പ്രവർത്തന പദ്ധതി

റേഡിയോ പരിപാടിയിൽ പാട്ടുകളും കഥകളും അവതരിപ്പിക്കുമ്പോൾ കുട്ടികൾക്ക് കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനും, കൂട്ടുകാരിൽ നിന്ന് പ്രോത്സാഹനം ലഭിക്കാനും കഴിയും. വാർത്താ അവതരണം നടത്തുന്നത് അവരുടെ പൊതുജ്ഞാനം വർദ്ധിപ്പിക്കുകയും, ലോകത്തിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അറിയാനും പഠിക്കാനും വഴിയൊരുക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള റേഡിയോ പ്രവർത്തനങ്ങൾ കുട്ടികളിൽ സാമൂഹിക ബോധം, ആത്മവിശ്വാസം, കൂട്ടായ പ്രവർത്തന മനോഭാവം എന്നിവ വളർത്തുന്നു. സ്കൂൾ ജീവിതത്തെ കൂടുതൽ രസകരവും സജീവമാക്കുകയും, കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ഒരു മികച്ച വേദിയായി മാറുകയും ചെയ്യുന്നു. അതിനാൽ സ്കൂളുകളിൽ റേഡിയോയ്ക്ക് വലിയ പ്രസക്തിയുണ്ട്.

ഉച്ചസമയത്തുള്ള ഇടവേളയിൽ ഓരോ ക്ലാസ്കാർക്കും ഓരോ ദിവസം 4 പേരുടെ അവതരണം എന്നരീതിയിൽ അവസരം നൽകിയാണ് സ്കൂൾ റേഡിയോയുടെ പ്രവർത്തനം നടക്കുന്നത്.

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

# വെർച്ച്വൽ ഐഡി കാർഡ്

ആമുഖം

കാലാനുസൃതമായി വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നത് അനിവാര്യമായി മാറിയിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് വെർച്ച്വൽ ഐഡി കാർഡ് പദ്ധതി സ്കൂളിൽ നടപ്പിലാക്കുന്നത് .

പ്രയോജനങ്ങൾ

* കുട്ടികളുടെ ഹാജർ നിയന്ത്രണം ക്രമപ്പെടുത്താൻ.
* സുരക്ഷിതമായ തിരിച്ചറിയൽ ഉറപ്പാക്കാൻ.
* രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികളുടെ സാന്നിധ്യം/ഗതാഗത വിവരം ഉടൻ ലഭ്യമാക്കാൻ.
* ഡിജിറ്റൽ വിദ്യാഭ്യാസ സംവിധാനങ്ങളുമായി കുട്ടികളെ പരിചയപ്പെടുത്താൻ.

സവിശേഷതകൾ

1. ഹാജർ നിയന്ത്രണം ഓരോ ദിവസവും കുട്ടി സ്കൂളിൽ എത്തുമ്പോൾ ഐഡി കാർഡ് സ്കാൻ ചെയ്യുന്നതിലൂടെ ഹാജർ സ്വയമേ രജിസ്റ്റർ ചെയ്യപ്പെടും.
2. രക്ഷിതാക്കൾക്ക് വിവരം കുട്ടിയുടെ പ്രവേശനം/പുറത്ത് പോകൽ സംബന്ധിച്ച വിവരം രക്ഷിതാക്കളുടെ ഫോണിൽ ഉടൻ ലഭിക്കും.
3. സുരക്ഷാ ഉറപ്പ് അനാവശ്യ പ്രവേശനങ്ങൾ തടയുകയും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യും.
4. ആധുനിക പഠന സംസ്കാരത്തിന്റെ ഭാഗം ഡിജിറ്റൽ ഐഡി ഉപയോഗത്തിലൂടെ കുട്ടികൾക്ക് പുതിയ സാങ്കേതിക വിദ്യകളോട് പരിചയം ലഭിക്കും.
5. സ്കൂൾ ഭരണനിർവഹണം സുതാര്യവും വേഗത്തിലും ഹാജർ, റിപ്പോർട്ടുകൾ, രേഖകൾ എന്നിവയുടെ നടത്തിപ്പ് എളുപ്പമാകും.

സംഗ്രഹം:

വെർച്ച്വൽ ഐഡി കാർഡ് പദ്ധതി കുട്ടികളുടെ സുരക്ഷ, പഠന നിയന്ത്രണം, രക്ഷിതാക്കളുടെ ഇടപെടൽ, സ്കൂൾ ഭരണസൗകര്യം എന്നിവയെല്ലാം കൂടുതൽ ഫലപ്രദമാക്കുന്ന ഒരു ആധുനിക വിദ്യയാണ്. സെപ്തംബർ മാസത്തോടെ കാർഡ് വിതരണം ചെയ്യുന്നതാണ്.

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

# കളിയരങ്ങ്
# സ്കൂൾ സ്പോർട്സ്

ആമുഖം:

ശരിയായ ആരോഗ്യമുള്ള കുട്ടിക്ക് മാത്രമേ പഠനത്തിൽ മുന്നേറാനും ദൈനംദിന ജീവിത സാഹചര്യങ്ങളെ ശരിയായ രീതിയിൽ നേരിടാനും ആരോഗ്യയക രമായ ഒരു ജീവിതം സാധ്യമാക്കുവാനും സാധിക്കുകയുള്ളൂ. സ്കൂളുകളിൽനിന്നും വീടുകളിൽനിന്നും ഇതിനാവശ്യമായ പരിശീലനങ്ങൾ കുട്ടികൾക്ക് ആവശ്യമാണ്. സുംബ പോലുള്ള വ്യായാമങ്ങൾ, കളികൾ, മത്സരങ്ങൾ എന്നിവ നിരന്തരം സംഘടിപ്പി ച്ച് കുട്ടികളുടെ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്നു. കൂടാതെ സബ്ജില്ലാ മത്സര ങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ബീച്ച് ഗ്രൗണ്ടിൽ എല്ലാ വർഷവും നടത്താറു ള്ള കളിയരങ്ങ് സ്കൂൾ സ്പോർട്സ് ഈ വർഷവും വളരെ വിപുലമായ രീതിയിൽ സം ഘടിപ്പിക്കുന്നു.

പ്രയോജനങ്ങൾ:

ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കാൻ ഇത്തരം പരിപാടികൾ സഹായിക്കുന്നു. ഓട്ടം, ചാട്ടം, എറിയൽ, ടീമുകളായുള്ള കളികൾ എന്നിവ വഴി കുട്ടികൾക്ക് സാമർത്ഥ്യവും ക്ഷമയും വളർത്താൻ കഴിയും.

കായിക മേളകൾ കുട്ടികളിൽ ആത്മവിശ്വാസം, സംഘബോധം, അനുസരണം എന്നീ ഗുണങ്ങൾ വളർത്തുന്നു. കളിക്കളത്തിൽ വിജയവും പരാജയവും നേരിടുമ്പോൾ, അവർക്ക് ജീവിതത്തിലെ വെല്ലുവിളികളെ സ്വീകരിക്കാനും അതിനെ അഭിമുഖീകരിക്കാനും പഠിക്കാം. കൂട്ടുകാരോടൊപ്പം മത്സരിച്ച് കളിക്കുന്നതും സൗഹൃദവും സഹകരണവും പാലിക്കുന്നതും കുട്ടിയുടെ മാനസികാരോഗ്യം കൂടുതൽ ശക്തമാക്കുന്നു.

ഇത്തരം പരിപാടികൾ സ്കൂളിലെ ഉത്സവാന്തരീക്ഷവും ടീംസ്പിരിറ്റ്, നേതൃത്വ ഗുണം എന്നിവ വർദ്ധിപ്പിക്കുന്നു. വിദ്യാർത്ഥികൾ മാത്രമല്ല, അധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് പങ്കാളികളാകുമ്പോൾ സ്കൂൾ കുടുംബത്തിൽ വലിയൊരു ഉത്സവാത്മക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ, സ്കൂളുകളിൽ നട ത്തുന്ന കളിയരങ്ങ് കുട്ടികളുടെ കായിക ക്ഷമതയും ഉത്സവാന്തരീക്ഷവും ഒരുപോലെ ഉയർത്തിപ്പിടിക്കുന്ന പ്രധാനമായ പരിപാടികളാണ്.

**ചുമതല:** Staff & PTA
**സാമ്പത്തികം :** PTA

# ടാലന്റ് ലാബ്

ആമുഖം:

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തന പദ്ധതിക്കാണ് ടാലന്റ് ലാബ് എന്നറിയപ്പെടുന്നത്. സകൂളിലെതന്നെ ഓരോ മേഖലയിലും മികച്ചു നിൽക്കുന്ന കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സേവനം ഓഫ്‌ലൈനായും ഓൺലൈനായും ലഭ്യമാക്കി ഓരോ കുട്ടിയുടെയും കഴിവിനെ കണ്ടെത്തി പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട്  ലക്ഷ്യമിടുന്നത്.

<u>പ്രവർത്തനരീതി</u>

ഫ്ലിപ്പ്ഡ് ക്ലാസ്റൂം സിസ്റ്റം

വർദ്ധിച്ച് അക്കാദമിക ഭാരം അഥവാ പഠനപ്രവർത്തനങ്ങൾക്ക് തന്നെ സമയം ലഭിക്കാത്ത അവസ്ഥ വരുന്നതിനാൽ ടാലന്റ് ലാബ് പ്രവർത്തനങ്ങൾക്ക് സ്വാഭാവികമായി സമയം ലഭിക്കാതെവരുകയും സ്വാഭാവികമായി ഇത്തരം പ്രവർത്തനങ്ങൾ മാറ്റിവെക്കപ്പെടുകയുംചെയ്യുക പതിവാണ്. ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനായി റിസോഴ്സുകളെയും ഫാക്കൽറ്റികളെയും ഡിജിറ്റലായും ഓൺലൈലനായും ലഭ്യമാക്കി വീടുകളിൽനിന്നും രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലനം നൽകുകയും സ്കൂളുകളിൽനിന്നും അതിന്റെ വിലയരുത്തലുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന രീതിയാണിത്.

സ്കൂളുകളിൽ ടാലന്റ് ലാബ് ആരംഭിക്കുന്നത് കുട്ടികളുടെ സ്വാഭാവിക കഴിവുകളും സൃഷ്ടിപരതയും കണ്ടെത്തി വളർത്തുന്നതിനാണ്. പഠനത്തിന് പുറമേ, കുട്ടികൾക്ക് പാട്ട് പാടൽ, ചിത്രരചന, നൃത്തം, കഥ പറയൽ, അഭിനയം, പ്രസംഗം തുടങ്ങിയ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ വേദി ലഭിക്കുമ്പോൾ അവർക്ക് ആത്മവിശ്വാസവും സന്തോഷവും ലഭിക്കുന്നു. ഇങ്ങനെ ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തി വളർത്തുന്നത് അവരുടെ സമഗ്രവികസനത്തിനും സാധ്യതയൊരുക്കുന്നു.

* ഓരോ കുട്ടിയുടെ താൽപ്പര്യവും കഴിവും തിരിച്ചറിയൽ

* കഴിവുകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപപ്പെടുത്തുക (ഉദാ: സംഗീതം, കല, നൃത്തം, നാടകം, സാഹിത്യം).

* പ്രതിവാരമായി പ്രത്യേക സമയം അനുവദിച്ച് പ്രായോഗിക പരിശീലനം നൽകുക.

* സ്കൂൾ അസംബ്ലിയിലും പ്രത്യേക ദിനാചരണങ്ങളിലും കുട്ടികൾക്ക് അവതരണ അവസരം നൽകുക.

* കഴിവുകളുടെ പുരോഗതി രേഖപ്പെടുത്തുകയും വാർഷികാഘോഷത്തിൽ പ്രകടനം നടത്താനുള്ള അവസരം ഒരുക്കുകയും ചെയ്യുക.

# Talent Lab Activity Plan (5 Months)

| Month | Day / Activity | Objective |
|---|---|---|
| Month 1 | 1. Talent Hunt (song, dance, drawing, story<br>2. Form groups based on talents<br>3. Training for song/poem group<br>4. Class-level presentation | Identify talents<br>Group students by interest<br>Develop artistic skills<br>Build confidence |
| Month 2 | 5. Dance group training<br>6. Drawing/Art group activity<br>7. Storytelling/Speech group training<br>8. Assembly presentation | Improve body language<br>Enhance creativity<br>Improve language skills<br>Provide stage exposure |
| Month 3 | 9. Learn simple musical instruments<br>10. Song/poem presentation<br>11. Class-level competitions<br>12. Present best items at school level | Develop musical sense<br>Share artistic skills<br>Encourage healthy competiti<br>Motivate students |
| Month 4 | 13. Dance/Drama practice<br>14. Classroom art exhibition<br>15. Storytelling Day<br>16. Assembly presentation | Prepare for group activities<br>Showcase creativity<br>Develop speaking skills<br>Encourage recognition |
| Month 5 | 17. Combined cultural programme<br>18. Music and song programme<br>19. Mini Talent Fest (class-level)<br>20. Felicitation of best performers | Promote teamwork<br>Enhance cultural appreciatic<br>Evaluate year-end progress<br>Boost confidence |

**ചുമതല:** IES, Staff & PTA

**സാമ്പത്തികം :** PTA

# ഹലാവാ അറബിയ്യ
# (അറബിക് മധുരം)

ആമുഖം:
അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടി

പ്രവർത്തനം:
* എഴുത്ത്
* വായനാലോകം:
കുട്ടിയെ വായനയുടെ ലോകം പരിചയപ്പെടുത്തി നല്ല വായനക്കാരനാക്കുക.

<u>പ്രവർത്തനം:</u>
* പുസ്തക വായന:
* അറബിക് പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിവഴി ലഭ്യമാക്കുകയും അവ വിതരണം ചെയ്യുകയും ചെയ്യുക.

പുസ്തകങ്ങൾ:
* തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകങ്ങളുടെ ശേഖരണം
* അറബിക് ചിത്രകഥ, കഥാപുസ്തകങ്ങൾ
* അറബിക് ക്വിസ് പുസ്തകങ്ങൾ

ക്ലാസ് വായന:
* ഓരോ അറബിക് പിരീഡിലും ആദ്യം അഞ്ച് മിനിറ്റ് ഒരാൾ ഒരു ബുക്കിൽ ഒരു പേജ് ഉറക്കെവായിക്കുക
* പദപരിചയം, അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ പ്രവർത്തനം ഒരു പദം പരിചയപ്പെടൽ ഒരു ദിവസം

നല്ല എഴുത്ത് :
* കുട്ടികളുടെ കയ്യക്ഷരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനമാണിത്. ഈ പ്രവർത്തനം വഴി അറബി ഭാഷയെ തനതായ സൗന്ദര്യത്തിൽ എഴുതുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുക

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*

# ശ്രദ്ധ

## മലയാള ഭാഷ പിന്തുണാ പ്രോഗ്രാം

മലയാള ഭാഷാ പഠനത്തിന് പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻതൂക്കം നൽകി ക്ലാസ് സമയത്തിന് പുറമെ നൽകുന്ന പ്രവർത്തന പദ്ധതിയാണ് ശ്രദ്ധ പദ്ധതി. **കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി, ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.**

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- സ്കൂളിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സ്കൂളിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*

# Field Trip

ആമുഖം:

അനുഭവങ്ങളാണ് പഠനത്തിന്റെ കാതൽ. കുട്ടികൾക്ക് ഫീൽഡ് ട്രിപ്പ് വളരെ പ്രധാനമാണ്. ക്ലാസ് മുറിയിൽ മാത്രം പഠിക്കുന്നതിനേക്കാൾ, പുറത്ത് പോയി നേരിട്ട് കാണുകയും അനുഭവിക്കുകയും ചെയ്യുന്ന പഠനം കുട്ടികളെ കൂടുതൽ ആകർഷിക്കുകയും ആ യാത്രയിലൂടെ നേടുന്ന അനുഭവങ്ങളും അറിവുകളും ഒരിക്കലും മറക്കാത്ത പഠനമായി കുട്ടികളുടെ മനസ്സിൽ എന്നെന്നും നിലനിൽക്കുകുകയും ചെയ്യുന്നു. പ്രകൃതി, മ്യൂസിയം, ഫാം, ചരിത്രസ്മാരകങ്ങൾ തുടങ്ങി വിവിധ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അവർക്ക് പുസ്തകങ്ങളിൽ പഠിക്കുന്ന കാര്യങ്ങൾ നേരിട്ട് മനസിലാക്കാൻ കഴിയും. ഫീൽഡ് ട്രിപ്പ് കുട്ടികളിൽ കൗതുകം, അന്വേഷണ മനോഭാവം, സാമൂഹിക കഴിവുകൾ എന്നിവ വളർത്തുന്നു. കൂട്ടുകാരുമായി സഹകരിച്ച് പ്രവർത്തിക്കാനും, പുതിയ അറിവുകൾ നേടാനും അവസരം നൽകുന്നു. ഇത്തരം അനുഭവങ്ങളിലൂടെ പഠിച്ച അറിവുകൾ മറ്റൊരു സാഹചര്യത്തിൽ പ്രയോഗിക്കുവാനും കുട്ടികൾക്ക് സാധിക്കുന്നു.

പ്രവർത്തന പദ്ധതി:

ഫീൽഡ് ട്രിപ്പിൽ പണച്ചെലവ് ആവശ്യമില്ലാത്തതുമായ, സ്കൂളിന്റെ പരിസരത്തുള്ള ലോക്കൽ ടെസ്റ്റുകളെ പരിചയപ്പെടുന്നവയായ ഹ്രസ്വപഠനയാത്രകളും പണച്ചെലവുള്ളതും കൂടുതൽ യാത്രആവശ്യവുമായ ദീർഘയാത്രകളുമാണ്.

<u>ഹ്രസ്വപഠനയാത്ര</u>

* അക്വേറിയം സന്ദർശനം:

ജൈവ വൈവിധ്യത്തെയും ജീവികളുടെ അനുകൂലനം വാസസ്ഥലങ്ങളുടെ പ്രത്യേകത എന്നിവ മനസ്സിലാക്കാൻ സ്കൂളിന്റെ പരിസരത്തുള്ള അലങ്കാരമത്സ്യങ്ങളുടെ വളർത്തുകേന്ദ്രം സന്ദർശിച്ചു. 50ഓളം വ്യത്യസ്ത അലങ്കാരമത്സ്യങ്ങളും ഭക്ഷണം, ആവാസം, പ്രജനനരീതി, അവയുടെ വിൽപ്പന തുടങ്ങിയ ഒട്ടേറെ അറിവുകൾ കുട്ടികൾക്ക് നേടാൻ ഈ ഫീൽഡ് ട്രിപ്പിലൂടെ സാധിച്ചു.

* ബീച്ച് സന്ദർശനം

അറിവിന്റെ അക്ഷയഖനിയാണ് കടൽ. സ്കൂളിൽനിന്നും നടന്നുപോകാൻ മാത്രം ദൂരെയുള്ള കടൽ സന്ദർശിക്കുകയും കടലുമായി ബന്ധപ്പെട്ട അറിവുകൾ സ്വായത്തമാക്കുകയും ചെയ്യുകയും പ്രദേശത്തെ പ്രധാനപ്പെട്ട തൊഴിലായ മത്സ്യബന്ധനത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ മത്സ്യത്തൊഴിലാളികളുമായി അഭിമുഖം നടത്തുകയും ചെയ്യുക.

* പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ് എന്നിവയുടെ സന്ദർശനം

കുട്ടികളിലെ സാമൂഹ്യചിന്തകളെ പരിപോഷിപ്പിക്കുക എന്നതും പാഠഭാഗത്തിലെ പൊതുസ്ഥാപനങ്ങളെക്കുറിച്ചുള്ള അറിവിനെ വിപുലപ്പെടുത്തുക എന്ന ലക്ഷ്യവും മുൻനിർത്തി പരിസരത്തുള്ള പൊതുസ്ഥാപനങ്ങളായ പൊലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ് എന്നിവ സന്ദർശിക്കുകയും പ്രവർത്തന രീതികൾ ചോദിച്ചുമനസ്സിലാക്കുകയും അവ കുറിച്ചെടുക്കുകയും ചെയ്യുന്നു.

<u>ദീർഘദൂരയാത്ര:</u>

കുട്ടികൾക്ക് വിജ്ഞാനത്തോടൊപ്പം വിനോദവും ലഭ്യമാക്കുക എന്നതാണ് ഈ യാത്രയുടെ ലക്ഷ്യം . പാർക്കുകൾ വന്യമൃഗ സംരക്ഷണകേന്ദ്രങ്ങൾ, മ്യൂസിയം, പ്ലാനറ്റേറിയം, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, വനം, ഡാമുകൾ അണക്കെട്ടുകൾ തുടങ്ങിയവ ഈ യാത്രയിൽ ഉൾക്കൊള്ളിക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിലാണ് ഈ യാത്ര ക്രമീകരിക്കുന്നത്.

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

# ഡിജിറ്റൽ മാഗസിൻ

ആമുഖം:

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാൻ ഏറ്റവും പ്രയോജനപ്പെടുന്ന ഒരു പ്രവർത്തനമാണ് സ്കൂൾ മാഗസിനുകൾ, പ്രിന്റഡ് മാഗസിനുകൾക്ക് വലിയ ചെലവ് വരുന്നതിനാൽ എല്ലാ വർഷങ്ങളിലും മാഗസിനുകൾതയ്യാറാക്കുന്നത് പ്രായോഗികമല്ല. അത്തരം സാഹചര്യങ്ങളിൽ ഐടി രംഗത്തെ സ്കൂളിന്റെ മികവ് പ്രയോജനപ്പെടുത്തി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്ന വളരെ പ്രധാനപ്പെട്ട പദ്ധതി ആവിഷ്കരിക്കുന്നത്.

പ്രവർത്തന പദ്ധതി

സ്കൂൾ മാഗസിനിൽ കുട്ടികളുടെ ചെറിയ എഴുത്തുകൾ, ചിത്രങ്ങൾ, കവിതകൾ, കഥകൾ, അനുഭവങ്ങൾ തുടങ്ങി അവരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. കൂടാതെ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സൃഷ്ടികളും പ്രധാനപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളും ഉൾപ്പെടുത്താൻ സാധിക്കും. കുട്ടികളിൽ ആത്മവിശ്വാസം, ഭാഷാശൈലി, സൃഷ്ടിപ്രതിഭ എന്നിവ വളർത്താൻ ഇത്തരം രചനാ പ്രവർത്തനങ്ങൾ സഹായിക്കും.

മാഗസിനിൽ ഉൾപ്പെടുത്താവുന്ന വിവരങ്ങൾ:

* കുട്ടികളുടെ കവിതകളും ചെറുകഥകളും
* ചിത്രരചനകളും കാർട്ടൂണുകളും
* പാട്ടുകളുടെ വരികളും
* വിദ്യാർത്ഥികളുടെ അനുഭവക്കുറിപ്പുകൾ (ഫീൽഡ് ട്രിപ്പ്, ഉത്സവം മുതലായവ)
* പാഠഭാഗവുമായി ബന്ധപ്പെട്ട അറിവുകൾ
* അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദഗ്ധരുടെയും സന്ദേശങ്ങൾ, ലേഖനങ്ങൾ.
* പഴഞ്ചൊല്ലുകൾ, ചെറിയ കിസുകൾ, പസിലുകൾ, വിനോദ ചോദ്യോത്തരങ്ങൾ

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

## ടെക്കി കിഡ്സ്
## കേരളത്തിലെ ആദ്യത്തെ ഹ്യൂമനോയ്ഡ് ടീച്ചർ റോബോട്ട്

സ്കൂളിൽ നടപ്പിലാക്കുന്ന കേരളത്തിലെ ആദ്യത്തെ ഹ്യൂമനോയ്ഡ് റോബോട്ട് ടീച്ചറുടെ വരവോട്കൂടി കുട്ടികൾക്ക് ലോകത്ത് അനുദിനം നടക്കുന്ന സംഭവ വികാസങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുവാനും ഓരോ വിഷയത്തെക്കുറിച്ചും കാര്യക്ഷമമായ രീതിയിലുള്ള അറിവ് നേടാൻ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ പുതിയകാലത്തിന്റെ പ്രത്യേകതയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ കുട്ടികളെ പ്രാപ്തരാക്കുക എന്നതും ഈ പ്രൊജക്റ്റിന്റെ പ്രത്യേകതയാണ്. പ്രൊജക്റ്റിന്റെ പ്രവർത്തനരീതിയെക്കുറിച്ച് താഴെകൊടുക്കുന്നു.

മനുഷ്യാകൃതിയിലുള്ള റോബോട്ടിക് അധ്യാപകൻ (Humanoid Robotic Teacher)
അക്കാദമിക സഹകരണം:
ഐ.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജ്, ചിറ്റിലപ്പിള്ളി
ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വകുപ്പ്

പരിഷ്കരണ ചരിത്രം (Revision History):
TECHNOVA-IOC CELL IES COLLEGE OF ENGINEERING
ശബ്ദ ഇടപെടലും പ്രകടനാത്മക ചലനവും ഉള്ള മനുഷ്യാകൃതിയിലുള്ള റോബോട്ടിക് അധ്യാപകൻ

ലക്ഷ്യം:
വിദ്യാഭ്യാസ മേഖലയിൽ റോബോട്ടിക്സും കൃത്രിമബുദ്ധിയും (AI) സംയോജിപ്പിക്കുന്നതിലൂടെ സാങ്കേതിക പരിവർത്തനം
ഈ പദ്ധതിയിൽ, 1.2 മീറ്റർ ഉയരമുള്ള ഒരു മനുഷ്യാകൃതിയിലുള്ള റോബോട്ടിക് അധ്യാപകൻ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം.
ഇത് ശബ്ദ ഇടപെടൽ, മുഖഭാവങ്ങളുടെ പ്രകടനം, ചക്രങ്ങളിലൂടെ സഞ്ചാരം എന്നിവയുമായി, വിദ്യാർത്ഥികളുമായി സ്വാഭാവികമായി ഇടപെടാൻ കഴിയുന്നതായിരിക്കും.

റോബോട്ട് കണ്ണുകളുടെ ചലനം, താടിയുടെ പ്രവർത്തനം, തലയുടെ തിരിവ് എന്നിവ ഉപയോഗിച്ച് മനുഷ്യനോട് സാമ്യമുള്ള മുഖഭാവങ്ങൾ അനുകരിക്കും. ശബ്ദം തിരിച്ചറിയുന്നതിനും മറുപടി നൽകുന്നതിനും റിയൽടൈം വോയ്സ് റെക്കഗ്നിഷൻ സിസ്റ്റം ഉപയോഗിക്കും.

പദ്ധതിയുടെ പ്രധാന ലക്ഷ്യം:
ക്ലാസ് മുറികളിലും, STEM ലാബുകളിലും, പ്രദർശനങ്ങളിലും ഉപയോഗിക്കാവുന്ന, കുറഞ്ഞ ചിലവിൽ ലഭ്യമായ ഒരു വിദ്യാഭ്യാസ സഹായി വികസിപ്പിക്കുകയാണ്.

2. സിസ്റ്റത്തിന്റെ അവലോകനം:

റോബോട്ട് 3D പ്രിന്റ് ചെയ്ത ഘടകങ്ങളാൽ നിർമ്മിക്കപ്പെടും. ESP32 മൈക്രോ കൺട്രോളർ ആണ് നിയന്ത്രണം.

പ്രധാന ഘടകങ്ങൾ:
* ശബ്ദ ഇൻപുട്ട് സിസ്റ്റം (INMP441 I2S മൈക്രോഫോൺ)
* വാക്ക് തിരിച്ചറിയലും മറുപടി സിസ്റ്റവും
* മുഖഭാവ ചലന സംവിധാനം (കണ്ണ് ചലനം – സർവോ മോട്ടോർ)
* താടിയുടെ ചലനം – ശബ്ദത്തോട് ഒത്തുചേരുക
* തലയുടെ ചലനം – DC ഗിയർഡ് മോട്ടോർ
* ചക്രങ്ങളുള്ള സഞ്ചാര സംവിധാനം
* 3D പ്രിന്റ് ചെയ്ത ശരീര ഘടന

<u>3. പ്രവർത്തന ബ്ലോക്കുകൾ</u>
3.1 ശബ്ദ തിരിച്ചറിയലും ഇടപെടലും
* റോബോട്ട് ശബ്ദം കേൾക്കുകയും, അനുയോജ്യമായി മറുപടി നൽകുകയും ചെയ്യും.
* ഓഫ്‌ലൈൻ തിരിച്ചറിയൽ: ESP-SR ലൈബ്രറി, DF പ്ലെയർ മിനി
* ഓൺലൈൻ തിരിച്ചറിയൽ: Google Dialogflow, Speech-to-Text API

3.2 താടി ചലനം:
* ശബ്ദത്തോട് ചേർന്ന് താടി ചലിപ്പിക്കാൻ MG995 സർവോ മോട്ടോർ ഉപയോഗിക്കും.

3.3 കണ്ണുകളുടെ ചലനം:
* മനുഷ്യനോട് സാമ്യമുള്ള കണ്ണ് ചലനത്തിന് 6 സർവോ മോട്ടോർ (ഒരു കണ്ണിന് 3).
* Idle ആയപ്പോൾ Random ചലനം
* സംസാരിക്കുമ്പോൾ മുൻവശത്ത് കേന്ദ്രീകരിക്കൽ
* ശബ്ദ ദിശ തിരിച്ചറിയൽ

കണ്ണിനുള്ളിൽ LED ലൈറ്റുകൾ (ഭാവ സൂചനകൾക്കായി).

3.4 തല ചലനം:
* L298N മോട്ടോർ ഡ്രൈവർ ഉപയോഗിച്ച് ഇടത്തേക്കും വലത്തേക്കും തല തിരിയാം.

നിഷേധം/അംഗീകാരം സൂചിപ്പിക്കാൻ തല കുലുക്കാവും.

3.5 ചക്ര ചലനം

<u>4 വീൽ ഡ്രൈവ് + കാസ്റ്റർ വീൽ</u>
* മുന്നോട്ട് / പിൻവാങ്ങൽ
* ഇടത്ത് / വലത്ത് തിരിയൽ
* തടസ്സം ഒഴിവാക്കൽ (ഓപ്ഷണൽ – അൾട്രാസോണിക് സെൻസർ)

3.6 ശരീര ഘടന (3D പ്രിന്റ്)
* PLA ഫിലമെന്റ് ഉപയോഗിച്ച് 4–5 കിലോ പ്രിന്റിംഗ്
* തല, നെഞ്ച്, കൈകൾ (ഓപ്ഷണൽ), കാലുകൾ, ചക്ര ബേസ്

4. മൈക്രോ കൺട്രോളറും വൈദ്യുതി സംവിധാനവും
* ESP32 ഡെവ് ബോർഡ്, ഡ്യുവൽ കോർ, Wi-Fi, Bluetooth
* 12V Li-ion ബാറ്ററി (3S) + Buck Converter 5V, 3.3V output

5. സോഫ്റ്റ്‌വെയർ ഡിസൈൻ
Arduino IDE ഉപയോഗിച്ച് പ്രോഗ്രാമിംഗ്.
പ്രധാന മോഡ്യൂളുകൾ:
* ശബ്ദ ഇൻപുട്ട് ഹാൻഡ്ലർ
* കമാൻഡ് തിരിച്ചറിയൽ
* Text-to-Speech (TTS)
* താടി ചലന സിങ്ക്
* കണ്ണ്/തല അനിമേഷൻ
* ചലന നിയന്ത്രണം
* FSM (Idle, Listening, Responding, Moving)

6. ഉപയോഗ സാധ്യതകൾ
* വിദ്യാർത്ഥികളെ അഭിവാദ്യം ചെയ്യുക
* ചോദ്യംഉത്തരം നടത്തുക
* തന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക
* STEM പഠനത്തിൽ സഹായിക്കുക
* പ്രദർശനങ്ങളിൽ ഗൈഡായി പ്രവർത്തിക്കുക

7. പദ്ധതി ഘട്ടങ്ങൾ
* Phase 1: പ്ലാനിംഗ് & ഡിസൈൻ (Week 1)
* Phase 2: മെക്കാനിക്കൽ ഫാബ്രിക്കേഷൻ (Week 2–4)
* Phase 3: ഇലക്ട്രോണിക്സ് ഇന്റഗ്രേഷൻ (Week 5–6)
* Phase 4: സോഫ്റ്റ്‌വെയർ വികസനം (Week 7)
* Phase 5: ടെസ്റ്റിംഗ് & ഡോക്യുമെന്റേഷൻ (Week 8)
*ഫലം: പൂർണ്ണമായി പ്രവർത്തിക്കുന്ന റോബോട്ടിക് അധ്യാപകൻ

8. ചെലവ് കണക്കുകൂട്ടൽ
* ആകെ ചെലവ്: 1,00,000*
* പണമടയ്ക്കൽ:
  * PO റിലീസ്: 25% (25,000)
  * Phase 1–2 പൂർത്തിയാകുമ്പോൾ: 35% (35,000)
  * Phase 3–4 പൂർത്തിയാകുമ്പോൾ: 30% (30,000)
  * Phase 5 പൂർത്തിയാകുമ്പോൾ: 10% (10,000)

9. ഭാവി സാധ്യതകൾ
* ക്യാമറയിലൂടെ മുഖം തിരിച്ചറിയൽ (ESP32-CAM)
* ടച്ച് സെൻസർ, Gesture Control
* AI മോഡൽ ഇന്റഗ്രേഷൻ
* Chest Display (TFT/OLED)
* SLAM ഉപയോഗിച്ച് സ്വയം സഞ്ചാരം

സാമ്പത്തിക ബാധ്യത: മാനേജ്മെന്റ്

# റോബോട്ടിക് പഠനം

ആമുഖം

റോബോട്ടിക് പഠനം കുട്ടികൾക്ക് പഠനത്തെ കൂടുതൽ രസകരവും സജീവവുമാക്കുന്നു. ചെറുപ്പംമുതൽ സാങ്കേതിക വിദ്യകളെക്കുറിച്ച് അറിവ് ലഭിക്കുമ്പോൾ, അവർക്ക് പഠനത്തിൽ കൂടുതൽ താൽപ്പര്യം വളരും. റോബോട്ടിക്സിന്റെ ഭാഗമായ കോഡിംഗിൽ പ്രാവീണ്യം നേടുന്നതോടെ വിവിധതരം ഗെയിമുകൾ, ആപ്ലിക്കേഷനുകൾ എന്നിവ നിർമ്മിക്കാനും സെൻസറുകൾ ഉപയോഗിച്ച് ലളിതമായ ഇലക്ട്രോണിക് ഉപകരണങ്ങളെ നിയന്ത്രിക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് കഴിയും. ഇത് വഴി ഭാവികാലത്തെ വലിയ വെല്ലുവിളികളെ എളുപ്പം തരണം ചെയ്യാനുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.

റോബോട്ടിക് പഠനം കുട്ടികളിൽ ചിന്താശേഷി, പ്രശ്നപരിഹാര കഴിവ്, സൃഷ്ടിപരത എന്നിവ വളർത്തുന്നു. ഒരു റോബോട്ട് പ്രവർത്തിക്കാൻ എങ്ങനെ സാധിക്കും എന്ന് കണ്ടെത്തുമ്പോൾ, അവർക്ക് പരീക്ഷണം നടത്താനും പുതിയ ആശയങ്ങൾ പരീക്ഷിക്കാനും കഴിയും. ഇതിലൂടെ കുട്ടികൾക്ക് ശാസ്ത്രവും ഗണിതവും വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായം ലഭിക്കുന്നു.

പ്രവർത്തന പദ്ധതി:

ദുബൈ ആസ്ഥാനമായുള്ള JUNKBOT എന്ന ഇൻസ്റ്റിറ്റ്യൂട്ട് സി.ഇ.ഒ, ഇസ്തികാം കിഡ്സ് റോബോട്ടിക്കിന്റെ പ്രത്യേകതകളെക്കുറിച്ചും അവ പഠിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്ലാസ് എടുത്തു. കൂടാതെ സ്കൂളിൽ കിഡ്സ് റോബോട്ടിക് പഠനം സാധ്യമാക്കുന്നതിനും സ്കൂളിൽ റോബോട്ടിക് ലാബ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചു. നവംബർ മാസത്തോടെ റോബോട്ടിക് പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് കരുതുന്നു.

**ചുമതല:** JUNKBOT, Staff & PTA

**സാമ്പത്തികം :** Management

## പഠനോത്സവം

രചനാപരം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാനും അവ പ്രയോഗിക്കുവാനും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് ക്ലാസ് പ്രവർത്തനങ്ങളുടെ കൂടെ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

**ലക്ഷ്യ പ്രസ്താവന**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

**വിലയിരുത്തൽ**

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.,എസ്. എസ്. കെ

ഭാഷാപരം

സ്കൂളിലെ മുഴുവൻ കുട്ടികകളെയും മികച്ചരീതിയിലുള്ള സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ  ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം  ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

# വിസ്മയ ഗണിതം

## ഗണിത പ്രവർത്തന പദ്ധതി

ലക്ഷ്യം

കുട്ടികളിൽ ഗണിത പഠനത്തെ ആകർഷകവും രസകരവും ആക്കുക.

കണക്കുകളിൽ ആത്മവിശ്വാസം വളർത്തുക.

ഗണിതം ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കാൻ പ്രാപ്തരാക്കുക.

പ്രധാന പ്രവർത്തനങ്ങൾ

1. ഗണിത കളികൾ

നമ്പർ പസിൽ, ഡോമിനോസ്, ഗണിത ചാർട്ട് ഗെയിം തുടങ്ങിയവ.

കുട്ടികൾക്ക് കൂട്ടിച്ചേർക്കൽ, കുറയ്ക്കൽ, ഗുണനം, വിഭജനം എന്നീ പ്രാഥമിക പ്രവർത്തനങ്ങൾ കളിയുടെ രീതിയിൽ അഭ്യസിക്കാൻ അവസരം.

2. ഗണിത കോർണർ

ക്ലാസ്സ് മുറിയിൽ പ്രത്യേകമായി ഒരു Math Corner ഒരുക്കി അവിടെ ഫ്ലാഷ് കാർഡുകൾ, അബാക്കസ്, പസിലുകൾ, ബ്ലോക്കുകൾ എന്നിവ സ്ഥാപിക്കുക.

3. ജീവിതവുമായി ബന്ധിപ്പിച്ച പ്രവർത്തനങ്ങൾ

ഷോപ്പിംഗ് കളി (നാണയങ്ങൾ/കൃത്രിമ പണം ഉപയോഗിച്ച്)

അളവുകൾ (കപ്പ്, സ്പൂൺ, ലിറ്റർ, മീറ്റർ മുതലായവ ഉപയോഗിച്ച്).

സമയം മനസ്സിലാക്കൽ (ക്ലോക്ക് പരിചയപ്പെടുക).

4. വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ

* Math Quiz
* Quick Calculation Contest
* Number Songs and Rhymes
* Magic of Numbers – രസകരമായ ഗണിത തന്ത്രങ്ങൾ.

5. പ്രവർത്തന പുസ്തകം

കുട്ടികൾക്കായി പ്രത്യേക 'വിസ്മയ ഗണിതം' പ്രവർത്തന പുസ്തകം തയ്യാറാക്കി, മാസത്തിൽ ഒരിക്കൽ ചെറു പരീക്ഷണങ്ങളും ഗണിത കളികളും രേഖപ്പെടുത്താൻ.

പ്രവർത്തന ക്രമം:

ആഴ്ചയിൽ ഒരിക്കൽ: ഗണിത കളികളും ഗ്രൂപ്പ് പ്രവർത്തനങ്ങളും.

മാസത്തിൽ ഒരിക്കൽ: വിസ്മയ ഗണിത ദിനം      ക്വിസ്, പ്രദർശനം, മത്സരങ്ങൾ.

ത്രൈമാസം തോറും: കുട്ടികളുടെ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്ന 'ഗണിത മേള'.

മൂല്യനിർണ്ണയം:

കുട്ടികളുടെ പങ്കെടുപ്പ്, ആത്മവിശ്വാസം, ഗണന ചിന്ത, സൃഷ്ടിപരമായ ചിന്ത എന്നിവ നിരീക്ഷിച്ച് രേഖപ്പെടുത്തുക.

ഹാജർ, പ്രവർത്തന പുസ്തകം, കളിയിലെ പ്രകടനം എന്നിവയുടെ അടിസ്ഥാനത്തിൽ തുടർച്ചയായ വിലയിരുത്തൽ.

**ചുമതല: SRG, PTA, HM**

**സാമ്പത്തികം : SSK, PTA**

## ക്ലാസ് പത്രം

കുട്ടികളുടെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ  പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

# പലഹാരപ്പെരുമ / സദ്യ വിഭവങ്ങളൊരുക്കൽ

ലക്ഷ്യങ്ങൾ

പാഠപുസ്തത്തിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നാടൻ ഭക്ഷണ വിഭവങ്ങളെ പരിചയപ്പെടാനും അനാരോഗ്യകരമായ പാക്കറ്റ് ഫുഡ്, ഫാസ്റ്റ് ഫുഡ് എന്നിവക്ക് പകരം നാടൻ ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷണപദാർത്ഥങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാനുമുതകുന്ന തരത്തിൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. അതോടൊപ്പം ഭക്ഷണവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുക എന്നതും ഈ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

<u>പ്രവർത്തനഘട്ടങ്ങൾ:</u>

<u>പാചകക്കുറിപ്പ് തയ്യാറാക്കുക:</u>

പാചകക്കുറിപ്പ് തയ്യാറാക്കുന്നതിലൂടെ ആരോഗ്യകരമായ ഭക്ഷണശീലത്തെ പരിചയപ്പെടുന്നതോടൊപ്പം പരിചിതവും താൽപര്യമുണർത്തുന്നതുമായ ഒരു ആശയത്തെ സ്വന്തംനിലയിൽ വിശദീകരിക്കുന്നതിലൂടെ കുട്ടിയുടെ ഭാഷാശേഷിയുടെ വികാസവും സാധ്യമാക്കുന്നു.

<u>വിഭവങ്ങളുടെ പ്രദർശനം:</u>

ഒന്ന് രണ്ട് ക്ലാസുകളിൽ എല്ലാ വിദ്യാർത്ഥികളും തങ്ങൾക്ക് ഇഷ്ടപ്പെട്ട നാടൻപലഹാരം അതിന്റെ പാചകക്കുറിപ്പും മൂന്ന് നാല് ക്ലാസുകാർ സദ്യ തയ്യാറാക്കുന്നതിൽ തങ്ങൾക്ക് കിട്ടിയ വിഭവവും അതിന്റെ പാചകക്കുറിപ്പും എഴുതി സ്കൂളിലേക്ക് കൊണ്ടുവരികയും അവപ്രദർശിപ്പിക്കുകയും ചെയ്യുന്നു.

<u>ബോധവൽക്കരണ ക്ലാസ്:</u>

ആരോഗ്യകരമായ ഭക്ഷണശീലത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതരത്തിൽ ഈ രംഗത്തെ വിദഗ്ധരെ ഉൾക്കൊള്ളിച്ച് ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

**ചുമതല :** ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

# സ്കൂൾ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പങ്കാളിത്വം

ആമുഖം:

സ്കൂളിന് സ്വന്തമായി ഒരു വെബ്സൈറ്റ് ഉണ്ടാകുന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. അതിലൂടെ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും സ്കൂളിന്റെ പ്രവർത്തനങ്ങൾ, അറിയിപ്പുകൾ, പരീക്ഷാഫലം, പ്രവേശന വിവരം തുടങ്ങിയവ എളുപ്പത്തിൽ ലഭ്യമാക്കാൻ കഴിയും. വെബ്സൈറ്റ് സ്കൂളിന്റെ മുഖചിത്രമായി പ്രവർത്തിക്കുകയും, കുട്ടികളുടെ നേട്ടങ്ങൾ പുറത്തുള്ള ലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്യുന്നു.

പ്രവർത്തന പദ്ധതി

വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും സ്കൂളിന്റെ ദിനാചരണങ്ങളും പരിപാടികളും ഉടനടി പങ്കുവെക്കാൻ സാധിക്കുന്നു. ഇതിലൂടെ രക്ഷിതാക്കളുമായി പൊതുസമൂഹവുമായി നിരന്തരം ബന്ധം പുലർത്താനും, കുട്ടികളുടെ കലാപരിപാടികളും പ്രവർത്തനങ്ങളും സമൂഹവുമായി പങ്കിടാനും കഴിയും. അത് വഴി സ്കൂളിന്റെ സന്ദേശങ്ങളും പുരോഗതിയും പൊതുജനങ്ങളിലേക്ക് പ്രസരിപ്പിക്കുവാനും സാധിക്കുന്നു.

**ചുമതല:** Staff & PTA

**സാമ്പത്തികം :** PTA

## അരങ്ങ്
## സ്കൂൾ വാർഷികാഘോഷം

സ്കൂളിൽ നടക്കുന്ന വാർഷികാഘോഷം കുട്ടികൾക്കു വളരെ സന്തോഷവും ആവേശവും നൽകുന്ന ഒരു പരിപാടിയാണ്. പഠനത്തിനു പുറമേ കുട്ടികളുടെ കലാകായിക പ്രതിഭകൾ പുറത്തുകൊണ്ടുവരാനുള്ള മികച്ച അവസരവുമാണ് ഇത്. വാർഷികാഘോഷത്തിലൂടെ കുട്ടികൾക്ക് വേദിയിൽ സംസാരിക്കാൻ, പാടാൻ, നൃത്തം ചെയ്യാൻ, അഭിനയിക്കാൻ തുടങ്ങിയ വിവിധ കഴിവുകൾ പ്രകടിപ്പിക്കാം.

വാർഷികാഘോഷത്തിലെ കലാപരിപാടികൾ കുട്ടികൾക്കു ആത്മവിശ്വാസം നൽകുകയും, അവരുടെ കഴിവുകൾ കൂട്ടുകാരോടും അധ്യാപകരോടും മാതാപിതാക്കളോടും പങ്കിടാനുള്ള അവസരം നൽകുകയും ചെയ്യുന്നു. കൂട്ടായ്മയിൽ പ്രവർത്തിക്കുന്നതിനും, അന്യോന്യ സഹകരണത്തിനും, സാമൂഹികബന്ധം വളർത്തുന്നതിനും ഇത്തരം പരിപാടികൾ വലിയ സഹായമാണ്.

ഇത്തരം കലാപരിപാടികൾക്ക് വേണ്ടിയുള്ള പരിശീലനം കുട്ടികൾക്ക് ഏറെ പ്രാധാന്യമുള്ളതാണ്. സ്ഥിരമായ പരിശീലനം വഴിയുള്ള ശ്രമം കുട്ടികളിൽ ക്ഷമ, അധ്വാനം, സമയനിയന്ത്രണം, ഏകാഗ്രത തുടങ്ങിയ ഗുണങ്ങൾ വളർത്തുന്നു. അതിനാൽ, വാർഷികാഘോഷവും അതിന്റെ കലാപരിപാടികളും അതിന്റെ പരിശീലനവും കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കു നിർണായകമാണ്.

**ചുമതല:** Staff & PTA

**സാമ്പത്തികം** : PTA